Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2018/1562 (24) തീയതി : 30.07.2018

# സർക്കുലർ

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2018-19 വർഷത്തെ യൂണിറ്റ് പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. സ.ഉ(സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.

2. ഈ ഓഫീസിലെ 13.02.2018-ലെ KITE/2018/1515-1(5), 17.02.2018-ലെ KITE/2018/1515-1 നമ്പർ സർക്കുലറുകൾ.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1910 ഹൈസ്കൂളുകളിൽ ഈ അധ്യയനവർഷം **'ലിറ്റിൽ കൈറ്റ്സ്'** യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനപദ്ധതി രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഓരോ യൂണിറ്റിലും നടത്തേണ്ടതാണ്. എല്ലാ പ്രവർത്തനങ്ങളുടേയും ഹാജർ, ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവ ഓൺലൈൻ സംവിധാനത്തിൽ (www.kite.kerala.gov.in→services→littlekites) ഉൾപ്പെടുത്തേണ്ട താണ്.

2. കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്മാർക്ക് സ്ഥലം മാറ്റവും നിയമനവും മൂലം യൂണിറ്റ് പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് പ്രസ്തുത യൂണിറ്റുകളിലേക്ക് അനുയോജ്യരായ കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസിനെ തെരഞ്ഞെടുത്ത് യൂണിറ്റ് പ്രവർത്തനങ്ങൾ കൃത്യമാക്കുന്നതിന് അതത് സ്കൂൾ പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിവരം യഥാസമയം സ്കൂളിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനറെയും ജില്ലാ കോ-ഓർഡിനേറ്ററെയും അറിയിക്കേണ്ടതാണ്.

3. കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ് ആയി തെരഞ്ഞെടുക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകിയാണ് യൂണിറ്റ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത്. ഏതാനും ചില സ്കൂളുകളിൽ പരിശീലനം ലഭിച്ച കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസിനെ പ്രസ്തുത ചുമതലയിൽനിന്നും ഏകപക്ഷീയമായി ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടേയും ജില്ലാ കോ-ഓർഡിനേറ്ററുടേയും അനുമതി കൂടാതെ പരിശീലനം ലഭിച്ച കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസിനെ ചുമതലയിൽനിന്നും ഒഴിവാക്കാൻ പാടുള്ളതല്ല.

4. യൂണിറ്റിൽ ഓരോ വർഷവും വിദഗ്ധരുടെ നാല് ക്ലാസ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് ഉപജില്ലാ തലത്തിൽ വിദഗ്ധരുടെ പാനൽ തയ്യാറാക്കി വിശദാംശങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. ലിറ്റിൽ കൈറ്റ്സ് പദ്ധതി പ്രവർത്തന രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന വിദഗ്ധരുടെ ക്ലാസുകൾക്ക് പരമാവധി 250/- രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കാവുന്നതാണ്. ഇതിനുള്ള തുക ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കായി സ്കൂളിന് അനുവദിച്ച തുകയിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

6. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും ഒറിജിനൽ ബിൽ, വൗച്ചർ തുടങ്ങിയവ സ്കൂളിൽ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ അതത് ദിവസം തന്നെ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

7. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് പ്രാഥമികമായി ഓരോ യൂണിറ്റിനും 2017-18 സാമ്പത്തികവർഷത്തിൽ 5000/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ ബാക്കിയുള്ളത് യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്. കൂടാതെ സ്കൂൾതല ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നിശ്ചിത തുക ഡി.ആർ.സി. അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ഓരോ യൂണിറ്റിനും അനുവദിക്കുന്ന തുക സ്കൂളിന്റെ ഐ.ടി അഡ്വൈസറി അക്കൗണ്ടിലേക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ജില്ലാ കോ-ഓർഡിനേറ്റർമാർ ക്രമീകരണം ഒരുക്കേണ്ടതാണ്.

8. കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാരും ജില്ലാ കോ-ഓർഡിനേറ്ററും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

9. കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ പ്രവർത്തനങ്ങൾക്ക് (നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന്) പ്രതിദിനം 125/- രൂപ വീതം പ്രതിമാസം പരമാവധി 500/- രൂപ എന്ന് നിജപ്പെടുത്തി സ്റ്റേറ്റ് ഓഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണം ഡി.ആർ.സി. ഫണ്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്.

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ